"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഇലക്ട്രോണിക്സും വിവര സാങ്കേതിക വിദ്യയും വകുപ്പ് -ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി & മാനേജ്മെന്റ് - കേരള (ഐ.ഐ.ഐ.ടി.എം-കെ) - ഇലക്ട്രോണിക് ഇൻക്യുബേറ്റർ പ്രോജക്ട് (Maker Village ESDM) - പദ്ധതി നിർവ്വഹണത്തിനു തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഇലക്ട്രോണിക്സും വിവര സാങ്കേതിക വിദ്യയും (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.251/2023/ITD തീയതി,തിരുവനന്തപുരം, 13-12-2023

---

പരാമർശം:-

1. സ.ഉ (സാധാ) നം.137/2023/ഐ.ടി.ഡി. തീയതി 24.06.2023.
2. ഐ.ഐ.ഐ.ടി.എം-കെ രജിസ്ട്രാറുടെ 10.10.2023 തീയതിയിലെ IIITMK/F&A/4944/2023-24 നമ്പർ കത്ത്.
3. സ.ഉ (പി) നം.62/2018/ഫിൻ തീയതി 16.04.2018
4. സ.ഉ (പി) നം.88/2018/ഫിൻ. തീയതി 11.06.2018
5. സ.ഉ (പി) നം.100/2018/ഫിൻ. തീയതി 03.07.2018
6. സർക്കുലർ നം.53/2018/ഫിൻ. തീയതി 16.06.2018
7. സർക്കുലർ നം.84/08/ഫിൻ. തീയതി 09.12.2008.
8. സർക്കുലർ നം.75/09/ഫിൻ. തീയതി 29.08.2009.
9. സ.ഉ.(കൈ) നം.4/2020/ഫിൻ. തീയതി. 09.01.2020
10. സ.ഉ (സാധാ) നം.178/2023/ഐ.ടി.ഡി. തീയതി 31.07.2023.

**ഉത്തരവ്**

വകുപ്പുതല വർക്കിംഗ് ഗ്രൂപ്പിന്റെ 29.04.2023 ൽ ചേർന്ന യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇലക്ട്രോണിക്സ് ഇൻക്യുബേറ്റർ പ്രോജക്ട് പദ്ധതിയുടെ (Electronic Incubator Project (Maker Village )) നിർവ്വഹണത്തിനായി, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി & മാനേജ്മെന്റ് -കേരള (ഐ.ഐ.ഐ.ടി എം -കെ യ്ക്ക് നടപ്പ സാമ്പത്തിക വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾക്കായി പരാമർശം പ്രകാരം ഒരു കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും പദ്ധതി നടത്തിപ്പിനായി പരാമർശം (10) ഉത്തരവ് പ്രകാരം ₹38,00,000/- (മുപ്പത്തിഎട്ട് ലക്ഷം രൂപ മാത്രം) അനുവദിക്കുകയുമുണ്ടായി.

2) 2023-24 വർഷത്തിൽ 30 സ്റ്റാർട്ടപ്പുകളെ ഇൻകുബേറ്റ് ചെയ്യാൻ മേക്കർ വില്ലേജ് പദ്ധതിയിടുന്നുവെന്നും പ്രസ്തുത ലക്ഷ്യത്തിന് അനുബന്ധ സൗകര്യങ്ങളുടെ വർദ്ധനവ് അനിവാര്യമായതിനാൽ പദ്ധതിയുടെ നിർവ്വഹണത്തിന് ശേഷിക്കുന്ന തുക അനുവദിക്കണമെന്ന് ഐ.ഐ.ഐ.ടി.എം-കെ രജിസ്ട്രാർ പരാമർശം (2) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇലക്ട്രോണിക് ഇൻക്യുബേറ്റർ പ്രോജക്ട് Maker Village ESDM പദ്ധതി നടത്തിപ്പിനായി 3451-00-101-86 ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും ₹15,00,000/- (പതിനഞ്ച് ലക്ഷം രൂപ മാത്രം) ഐ.ഐ.ഐ.ടി.എം-കെ- യ്ക്ക് പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾക്കും താഴെപ്പറയുന്ന നിബന്ധനകൾക്കും വിധേയമായി അനുവദിച്ച് ഉത്തരവാകുന്നു :-

i) പരാമർശം (3) മുതൽ (5) വരെ ഉത്തരവുകൾക്കും പരാമർശം (6) സർക്കുലറിലെ നിർദ്ദേശങ്ങൾക്കും വിധേയമായി ഐ.ഐ.ഐ.ടി.എം-കെ -യുടെ PSTSB അക്കൗണ്ടിലേക്ക് തുക ക്രെഡിറ്റ് ചെയ്യേണ്ടതാണ്.

ii) തുക നിശ്ചിത പദ്ധതി പ്രവർത്തനങ്ങൾക്കായി മാത്രം വിനിയോഗിക്കേണ്ടതാണ്; മറ്റേതെങ്കിലും ആവശ്യത്തിനായി

വകമാറ്റാൻ പാട്ടുള്ളതല്ല.

iii) പരാമർശം (7), (8) എന്നീ സർക്കുലറുകളിൽ നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമങ്ങൾ ശ്രദ്ധാപൂർവ്വം പാലിക്കേണ്ടതാണ്.

iv) കേരള ഫിനാൻഷ്യൽ കോഡിൽ വ്യക്തമാക്കിയിട്ടുള്ള നിയമങ്ങളും നടപടിക്രമങ്ങളും കർശനമായി പാലിച്ചായിരിക്കണം ഫണ്ട് വിനിയോഗിക്കേണ്ടത്.

v) പരാമർശം (9) ഉത്തരവിന്റെ അനുബന്ധമായി ചേർത്തിരിക്കുന്ന മാതൃകയിൽ ഘടകം തിരിച്ചുള്ള ഫണ്ട് വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണ്.

4) ഇ&ഐ.ടി വകുപ്പ് അണ്ടർ സെക്രട്ടറി, തുക പിൻവലിച്ച് ഐ.ഐ.ഐ.ടി.എം-കെ യുടെ799012700000168 നമ്പർ പി.എസ്.ടി.എസ്.ബി അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യേണ്ടതാണ്. പ്രസ്തുത തുക ആവശ്യാനുസരണം മാത്രമേ പി.എസ്.ടി.എസ്.ബി അക്കൗണ്ടിൽ നിന്ന് പിൻവലിക്കാൻ പാടുള്ളൂ.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ARUN R B
അണ്ടർ സെക്രട്ടറി

പകർപ്പ് :

രജിസ്ട്രാർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി & മാനേജ്മെന്റ് - കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്എസ്എ) കേരള , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള , തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, (വെബ് & ന്യൂ മീഡിയ ), ഐ & പി ആർ ഡി
ധനകാര്യ വകുപ്പ് (12.12.2023 ലെ പി.യു-ഡി3/109/2022-ഫിൻ പ്രകാരം)
ധനകാര്യ (GIMC) വകുപ്പ്
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
R Mahesh
സെക്ഷൻ ഓഫീസർ
Date: 13-12-2023 17:43:47